പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 1 26.02.2018 ൽ മറുപടിക്ക്

**ഭിക്ഷാടക സംഘങ്ങൾ നടത്തുന്ന കുറ്റകൃത്യങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്ന് ജോലിക്കും ഭിക്ഷാടനത്തിനുമായി കേരളത്തിലേക്ക് വരുന്നവരോടൊപ്പം ധാരാളം കുറ്റവാളികൾ എത്തുന്നതും ഇത്തരക്കാർ കേരളീയ ജീവിതത്തിന്റെ ഒഴുക്കും ശാന്തതയും നഷ്ടപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന അതിഥി തൊഴിലാളികൾ കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവനയാണ് നൽകുന്നത്. ജീവിത സാഹചര്യങ്ങൾ മൂലം ഭിക്ഷാടന ത്തിനായി എത്തിച്ചേരുന്ന എല്ലാപേരും കുറ്റവാളികൾ അല്ല. കേരളീയ ജീവിതത്തിന് ഒഴുക്കും ശാന്തതയും നഷ്ടപ്പെടുന്ന പ്രശ്നം ഇവർ മൂലം ഉണ്ടാകുന്നില്ല. എല്ലാ സമൂഹങ്ങളിലു മെന്നപോലെ ചിലർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരായി പോലീസ് അന്വേഷണത്തിൽ ബോധ്യ പ്പെടുന്നവർക്കെതിരെ നിയമപരമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ജോലിക്കായി എത്തിപ്പെടുന്നവരെ നിരീക്ഷി ക്കുന്നതിനും അവരുടെ പൂർണ്ണമായ വിവരശേഖരണം നടത്തി സൂക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെ യാണെന്നും അവയുടെ അപര്യാപ്തത എന്തെല്ലാമാണെന്നും വിലയിരുത്തിയിട്ടുണ്ടോ; | (ബി) അതിഥി തൊഴിലാളികൾക്ക് സുരക്ഷിതമായി തൊഴിലെടുക്കുന്നതിനും സാമൂഹ്യ-ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന തിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. വ്യത്യസ്ഥ സാഹചര്യ ങ്ങളിൽ നിന്ന് എത്തിച്ചേരുന്നവരാകയാൽ ഇവരെ നിരീക്ഷിക്കുന്നതിനും അവരെ ക്കുറിച്ചുള്ള വിവരം ശേഖരിക്കുന്ന തിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ജനമൈത്രി പോലീസ് സംവിധാനം ഉൾപ്പെടെ ഉപയോഗപ്പെടുത്തി അതിഥി തോഴിലാളികളുടെ വിരലടയാളമടക്കമുള്ള പൂർണ്ണ വിവരം അതാത് സ്റ്റേഷനുകളിലെ |

'മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ' സൂക്ഷിച്ചു വരുന്നു.

2. ഇവരുടെ വിവരശേഖരണത്തിനായി 'ഇ-രേഖ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചിട്ടുണ്ട്.

3. അതിഥി തൊഴിലാളികൾ ജോലിക്കായി എത്തുമ്പോഴും വിട്ടുപോകുമ്പോഴും അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കണമെന്ന് തോഴിൽ ദാതാക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജോലി സൗകര്യാർത്ഥം മാറി മാറി താമസിക്കുന്ന തൊഴിലാളികളുടെ വിവരശേഖരണത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

4. ഇവർ മുൻകാലങ്ങളിൽ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണോ എന്നറിയുന്നതിനായുള്ള സംവിധാനം പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തുന്നവരെ പ്രത്യേകം നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

5. തൊഴിലിടങ്ങളിലും താമസസ്ഥലങ്ങളിലും സുരക്ഷയും ശുചിത്വവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ തൊഴിൽ-ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖേന സ്വീകരിച്ചുവരുന്നു.

6. ഇവരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ 'ആവാസി'ൽ ഇതിനകം 1,56,187 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇത്തരം ഭിക്ഷാടകസംഘങ്ങൾ വിവിധ മതപരമായ ചിഹ്നങ്ങൾ യഥേഷ്ടം പ്രയോജനപ്പെടുത്തി വൻതോതിൽ പിരിവുനടത്തുകയും കുറ്റകൃത്യങ്ങൾ ചെയ്യുന്ന മാഫിയകളായി മാറുകയും ചെയ്യുന്ന പ്രവണത ശ്രദ്ധിച്ചിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനായി കേരളം മുഴുവൻ യാചകനിരോധിത മേഖലയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സമീപ കാലത്തായി നവമാധ്യമങ്ങളിലൂടെ ചിലർ നടത്തിയ തെറ്റായ പ്രചരണങ്ങൾ ജനങ്ങൾക്കിടയിൽ ഉത്കണ്ഠ ഉളവാക്കിയിട്ടുണ്ട്. ഇക്കാര്യം പോലീസ് നിരീക്ഷണത്തിലാണ്.

സെക്ഷൻ ഓഫീസർ.